# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:372 — 24.06.2019-ലെ മറുപടി

## അരുവിക്കര പ്ലാന്റിൽ നിന്നും കുപ്പിവെള്ളം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.ടി.ബൽറാം | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ അരുവിക്കര പ്ലാന്റിൽ നിന്നും കുപ്പി വെള്ളം നിർമ്മിക്കുന്നതിന് ബി.ഐ.എസ്., എഫ്.എസ്.എസ്.എ.ഐ. തുടങ്ങിയ ഏജൻസി കളുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (എ) | ഇല്ല. വാട്ടർ അതോറിറ്റിയുടെ കുപ്പിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ബി.ഐ.എസ്-ന്റെ ഇൻസ്പെക്ഷൻ 22/05/2019 ന് പൂർത്തിയായിട്ടുണ്ട്. BIS-ന്റെ അംഗീകാരം ലഭിച്ചാൽ മാത്രമേ FSSAI-യുടെ അംഗീകാരം ലഭിയ്ക്കുകയുള്ളൂ. |
| (ബി) | കുപ്പിവെള്ളത്തിന് ഏറ്റവും കൂടുതൽ ആവശ്യമുള്ള വേനൽക്കാലത്തു തന്നെ കുപ്പിവെള്ളം പുറത്തിറക്കാൻ വാട്ടർ അതോറിറ്റിക്ക് സാധിക്കാത്തത് എന്തു കൊണ്ടായിരുന്നു; | (ബി) | കുപ്പിവെള്ള ഫാക്ടറിയിൽ ഉപയോഗപ്പെടുത്തുന്ന യന്ത്രോപകരണങ്ങൾ ഭൂരിഭാഗവും വിദേശ-നിർമിതമായതിനാൽ അവിടെ നിന്നുള്ള സാങ്കേതിക വിദഗ്ധരുടെ മേൽനോട്ടത്തിൽ പ്രസ്തുത യന്ത്രങ്ങളുടെ ഇൻസ്റ്റലേഷൻ പൂർത്തിയാക്കേണ്ടതുണ്ടായിരുന്നു. ഇൻസ്റ്റലെഷൻ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിൽ കരാറുകാരന്റെ ഭാഗത്തു നിന്നു വീഴ്ചയുണ്ടായി. BIS സർട്ടിഫിക്കേഷനായി ജനവരിയിൽ തന്നെ രേഖകൾ സമർപ്പിച്ചുവെങ്കിലും സർട്ടിഫിക്കേഷനു വേണ്ടി ചെയ്യേണ്ട അനുബന്ധ പ്രവർത്തനങ്ങൾക്കു കാലതാമസമുണ്ടായി. BIS സർട്ടിഫിക്കേഷൻ, ടെൻഡർ നടപടി എന്നിവ ഇലക്ഷൻ പ്രഖ്യാപനത്തെ തുടർന്ന് മാതൃക പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ നിർദിഷ്ട സമയത്തു സ്വീകരിക്കുവാൻ സാധിച്ചില്ല. ഇതു കാരണം തന്നെ മാർച്ചിൽ ഉദ്ദേശിച്ചിരുന്ന BIS ഇൻസ്പെക്ഷൻ മെയ് 22 നാണു സാധ്യമായത്. FSSAI സർട്ടിഫിക്കേഷൻ ലഭിക്കുവാനുള്ള നടപടികൾ ആരംഭിച്ചുവെങ്കിലും |

| | | | |
|---|---|---|---|
| | | | BIS സർട്ടിഫിക്കേഷൻ ഉണ്ടെങ്കിൽ മാത്രമേ ഇത് ലഭ്യമാകുകയുള്ളൂ BIS, FSSAI എന്നിവരുടെ അനുമതി ലഭിച്ചതിനു ശേഷം ഉടൻ തന്നെ കുപ്പിവെള്ളം വിപണിയിൽ എത്തിക്കുവാൻ കഴിയുന്നതാണ്. |
| (സി) | സംസ്ഥാനത്തു വിറ്റഴിക്കുന്ന കുപ്പി വെള്ളത്തിന്റെ വില നിയന്ത്രിക്കുവാൻ സർക്കാരിന് സാധിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ? | (സി) | കുപ്പി വെള്ളത്തിന്റെ വില നിയന്ത്രിക്കുന്നതിനും ന്യായ വിലയ്ക്കു കുപ്പിവെള്ളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനുമായി കേരള എസ്സൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ട് -1986 ന്റെ സെക്ഷൻ 2 പ്രകാരം കുപ്പിവെള്ളം അവശ്യവസ്തുവായി പ്രഖ്യാപിച്ച് സ.ഉ(അച്ചടി) 14/2019/ഭപൊവിവ, തീയതി, 14.06.2019 പ്രകാരം ഉത്തരവായിട്ടുണ്ട്. വിപണിയിൽ കുപ്പിവെള്ളത്തിന്റെ വില നിയന്ത്രിക്കുന്നതിന്, ഒരു ലിറ്റർ ബോട്ടിലിന് 11 രൂപ നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി വിതരണം ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**